# താഴ്മയുള്ളവരാകുക

## ലൂക്കോസ് 22:26

"നിങ്ങളിൽ വലിയവൻ ഇളയവനെപ്പോലെയും നായകൻ ശുശ്രൂഷകനെപ്പോലെയും ആകട്ടെ."

യേശുക്രിസ്തു തന്റെ തന്നെ ഒരു പ്രധാന സ്വഭാവത്തെ തന്റെ ശിഷ്യന്മാർക്ക് വെളിപ്പെടുത്തി കൊടുക്കുന്ന ഒരു വചനഭാഗമാണിത്. ശിഷ്യന്മാരും തന്നെപ്പോലെ തന്നെ താഴ്മയുള്ളവരാകണം എന്ന് കർത്താവ് ആഗ്രഹിച്ചു. ഇന്ന് നമ്മെക്കുറിച്ചും ദൈവം ആഗ്രഹിക്കുന്നതും നമ്മിൽ വെളിപ്പെടേണ്ടതുമായ ഒരു സ്വഭാവമാണ് താഴ്മ. ശിഷ്യന്മാർ തങ്ങളിൽ വലിയവൻ ആരെന്ന് ഉറപ്പിക്കുവാനായി പരസ്പരം വാദിച്ചു. ഇന്നും നാമും ചെയ്യുന്ന പല കാര്യങ്ങളിലും പ്രശംസ ആഗ്രഹിക്കുകയും പ്രഥമസ്ഥാനം കൈക്കലാക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നവരാണ്. എന്നാൽ ഒരു വിശ്വാസിക്ക് അനുയോജ്യമായ സ്വഭാവമായി കർത്താവ് നമ്മെ പഠിപ്പിക്കുന്നത് താഴ്മ ഉള്ളവനായിരിക്കുവാനാണ്.

കർത്താവ് സ്വന്തജീവിതംകൊണ്ടു തന്നെ നമ്മെ അതു പഠിപ്പിച്ചു തന്നു. ദൈവമായിരിക്കെത്തന്നെ ദാസരൂപം എടുത്ത് ക്രൂശോളം അനുസരണയുള്ളവനായി, താഴ്മയോടെ തന്നെത്താൻ നമുക്കുവേണ്ടി ബലിയായിത്തീർന്നു. അതുകൊണ്ട് സഹോദരങ്ങളെ ക്രിസ്തുവിൽ വീണ്ടും ജനിച്ച നമുക്കും അവന്റെ സ്വഭാവം ധരിക്കാം. നാം പ്രവൃത്തിക്കുന്നതും, ഇടപെടുന്നതുമായ എല്ലാ കാര്യങ്ങളും ദൈവനാമം മഹത്വപ്പെടുവാൻ ഉതകുന്നതാകട്ടെ. താഴ്മയുള്ളവനെ ദൈവം തന്റെ കൈയ്യിലെ ശക്തിയുള്ള ആയുധമായി ഉപയോഗിക്കും. നമ്മിൽ ഉളവാകുന്ന എല്ലാ ദൈവീക പ്രവൃത്തികളും നമ്മുടെ പ്രശംസയ്ക്കുവേണ്ടിയല്ല മറിച്ച് ദൈവനാമ മഹത്വത്തിനായാണ്. ഒരു കാലത്ത് ദൈവസഭയെ ഉപദ്രവിക്കുവാൻ ഇടയായ ശൗൽ, കർത്താവിനെ സ്വീകരിച്ച് പൗലോസായി മാറിയതിനു ശേഷം, തന്റെ ജീവിതം തന്നെ ക്രിസ്തുവിന്റെ സ്വഭാവം പകർത്തി നമുക്കു വെളിപ്പെടുത്തി തന്നു. (1 കൊരിന്ത്യർ 15:9) ഞാൻ അപ്പോസ്തോലൻമാരിൽ ഏറ്റവും ചെറിയവനല്ലേ..... എന്നാണ് പൗലോസ് പറയുന്നത്.

ഇത് നമുക്കും മാതൃകയാകട്ടെ. എളിമയുള്ളവരായി നമ്മെത്തന്നെ കർത്താവിനു സമർപ്പിക്കാം. അതുമൂലം ദൈവീകപ്രവൃത്തികൾ നമ്മിൽ വെളിപ്പെടുകയും, അനേകരെ കർത്താവിലേക്ക് ആകർഷിക്കുവാനും നമ്മുടെ ജീവിതംകൊണ്ട് ഇടയാകട്ടെ. ദൈവം തന്റെ താഴ്മയുടെ ആത്മാവിനാൽ നമ്മെ നിറയ്ക്കുമാറാകട്ടെ.

പരാമർശം:

മത്തായി 20:26,27

നിങ്ങളിൽ അങ്ങനെ അരുതു: നിങ്ങളിൽ മഹാൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം. നിങ്ങളിൽ ഒന്നാമൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ദാസൻ ആകേണം..

മർക്കോസ് 9:35

അവൻ ഇരുന്നു പന്തിരുവരെയും വിളിച്ചു: ഒരുവൻ മുമ്പൻ ആകുവാൻ ഇച്ഛിച്ചാൽ അവൻ എല്ലാവരിലും ഒടുക്കത്തവനും എല്ലാവർക്കും ശുശ്രൂഷകനും ആകേണം എന്നു പറഞ്ഞു.

സിസ്റ്റർ ബിൻസി ജോബി ചങ്ങനാശ്ശേരി 015